'152835/2023

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**(ഹാജർ:ബീന പി എസ്)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ജീവനക്കാര്യം - കൃഷി അസ്സിസ്റ്റൻറ്/അസ്സിസ്റ്റൻറ് കൃഷി ഓഫിസർ തസ്തികയിലെ 2 0 2 3 വർഷത്തെ പൊതുസ്ഥലമാറ്റം - കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :-

1) 25/02/2017 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 3/2017/ ഉ.പ.ഭ.വ

2) 21/02/22 തീയതിയിലെ സർക്കാർ ഉത്തരവ്(Rt) 147/22/ Agri

3) 05/11/2019 തീയതിയിലെ സർക്കാർ ഉത്തരവ്(സാധാ) 1075/19/Agri

4) 19/09/2023 തീയതിയിലെ ADFW/8912/2023-SE3 നമ്പർ സർക്കുലർ

5) ഈ കാര്യാലയത്തിൽ നിന്നുള്ള 04/10/2023 നമ്പർ കത്ത്

6) 17/10/2023 തീയതിയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്

7) 18/11/2023 തീയതിയിലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ADFW/8912/2023 -SE 3 ഉത്തരവ്

8) 16/11/2023 തീയതിയിലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ADFW/11721/2023 -SE 4 ഉത്തരവ്

9) 16/11/2023 തീയതിയിലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ADFW/11248/2023 -SE 3 ഉത്തരവ്

**<u>ഉത്തരവ് നമ്പർ ADFW/8912/2023 SE 3 തീയതി . 06-12-2023</u>**

പരാമർശം 1, 2 സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലമാറ്റം S P A R K സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം 4 സർക്കുലർ പ്രകാരം കൃഷി അസിസ്റ്റന്റ് / അസിസ്റ്റന്റ് കൃഷി ഓഫീസർ

തസ്തികകളിലെ ജീവനക്കാരുടെ 2023 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ SPARK മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലമാറ്റ അപേക്ഷകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിനും നിർദേശം നൽകിയിരുന്നു. കൂടാതെ അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലമാറ്റം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാനുള്ളവർ അപേക്ഷ ഓൺലൈനായി സമർപ്പിച്ച ശേഷം online അപേക്ഷയുടെ ഹാർഡ് കോപ്പിയും, ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും അതാത് DDO - മാർ മുഖാന്തിരം ഈ ഓഫീസിലേക്ക് 07/10/2023 വൈകുന്നേരം അഞ്ചു മണിക്ക് മുമ്പായി സമർപ്പിക്കുന്നതിനും നിർദേശിച്ചിരുന്നു. 2023 വർഷത്തെ പൊതുസ്ഥലമാറ്റത്തിൽ അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അർഹരായവരെ ഉൾപെടുത്തുന്നതിനായി ജനറൽ ഹോസ്പിറ്റലിലെ ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോക്ടർ ഉൾപ്പെടുന്ന പരാമർശം 3 സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട വിദഗ്ധ കമ്മിറ്റി 17/102023 തീയതി 11. മണിക്ക് യോഗം ചേരുകയുണ്ടായി. പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചുകൊണ്ടുള്ള പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ നാലാം ഖണ്ഡികയിൽ പ്രതിപാദിക്കുന്ന അനുകമ്പാർഹമായ സ്ഥലംമാറ്റത്തിന് പരിഗണിക്കേണ്ട അപേക്ഷകൾ കമ്മിറ്റി നിർദിഷ്ട രേഖകളുമായി ഒത്തുനോക്കി വിശദമായി പരിശോധിക്കുകയും, അർഹതയുണ്ടെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ട അപേക്ഷയിലെ ജീവനക്കാർക്ക് അനുകമ്പാർഹ പരിഗണന നൽകി സ്ഥലമാറ്റം നൽകുന്നതിന് കമ്മിറ്റി തീരുമാനിക്കുകയും പരാമർശം (8), (9) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു .

അസിസ്റ്റന്റ് കൃഷി ഓഫീസറുടെ 2022 പൊതുസ്ഥലംമാറ്റത്തിൽ നിർബന്ധമായും ജില്ലക്ക് പുറത്തുപോയ ജീവനക്കാർക്ക് അവർ ഏതു ജില്ലയിൽ നിന്നാണോ പോയത് ആ ജില്ലയിലേക്ക് മടങ്ങിവരുന്നതിനായി അസ്സിസ്റ്റന്റ് കൃഷി ഓഫീസർമാരുടെ 2022പൊതുസ്ഥലം മാറ്റം അന്തിമ ഉത്തരവിനൊപ്പം annexure ആയി ചേർത്ത പട്ടികയിലെ ജീവനക്കാർക്ക് അനുബന്ധ ലിസ്റ്റിൽ പറഞ്ഞിട്ടുള്ള ജില്ലയിലേക്ക് അലോട്ട് ചെയ്യുന്നതിന് പരാമർശ (7) പ്രകാരം ഉത്തരവായിരുന്നു .എന്നാൽ തിരുവനന്തപുരം ,കൊല്ലം ,കണ്ണൂർ ജില്ലകളിൽ അസിസ്റ്റന്റ് കൃഷി ഓഫീസർമാരുടെ open / replacement വാക്കൻസി കുറവായിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ട എല്ലാ അസിസ്റ്റന്റ് കൃഷി ഓഫീസർമാർക്കും പരിഗണന ലഭിച്ചിട്ടില്ല .അപ്രകാരമുള്ള ജീവനക്കാർക്ക് അടുത്ത പൊതുസ്ഥലംമാറ്റത്തിൽ പരിഗണന നൽകുന്നതായിരിക്കും.

മേൽ വിവരിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി അസ്സിസ്റ്റന്റ്/അസ്സിസ്റ്റന്റ് കൃഷി ഓഫിസർ തസ്തികയിലെ 2023 - വർഷത്തെ പൊതുസ്ഥലമാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralaagriculture.in - ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ/ DDO മാർ കരട് ലിസ്റ്റ് പരിശോധിച്ച് തങ്ങളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിലവിലെ ഔദ്യോഗിക മേൽവിലാസത്തിൽ വ്യത്യാസമുണ്ടെങ്കിൽ ആ വിവരവും മറ്റ് അപാകതകളുണ്ടെങ്കിൽ ആയതും ഈ ഓഫീസിൽ **agrigeneraltransfer@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ **"പൊതുസ്ഥലമാറ്റം 2023 കരട് ലിസ്റ്റിലെ അപാകത "** എന്ന വിഷയം രേഖപ്പെടുത്തി, **13.12.2023** തീയതി വൈകുന്നേരം 5 - മണിക്ക് മുമ്പായി അറിയിക്കേണ്ടതാണ്.

കരട് ലിസ്റ്റിന്മേലുള്ള അപേക്ഷകരുടെ പരാതികൾ/ ആക്ഷേപങ്ങൾ **agrigeneraltransfer@gmail.com**

എന്ന ഇ-മെയിൽ വിലാസത്തിൽ **"പൊതുസ്ഥലമാറ്റം 2023 കരട് ലിസ്റ്റിലെ അപാകത "** എന്ന വിഷയം രേഖപ്പെടുത്തി, **13.12.2023** തീയതി വൈകുന്നേരം 5 - മണിക്ക് മുമ്പായി അറിയിക്കേണ്ടതാണ്. ഈ തീയതിക്ക് **ശേഷം** ലഭിക്കുന്ന പരാതികൾ / ആക്ഷേപങ്ങൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല .

Signed by
Beena P S
Date: 06-12-2023 13:43:04

BEENA P S
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

1) ബന്ധപ്പെട്ട ജീവനക്കാർക്ക് (മേലധികാരി മുഖേന)
2) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
3) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (IT cell ) -ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്